**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1120** **06-02-2023 - ൽ മറുപടിയ്ക്ക്**

**പയ്യന്നൂർ കുടിവെള്ള പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | പയ്യന്നൂർ കുടിവെള്ള പദ്ധതിയുടെ ഭാഗമായുള്ള ചപ്പാരപ്പടവിലെ കിണർ നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ അവസ്ഥ എന്താണെന്ന് അറിയിക്കാമോ; | (എ) | നാട്ടുകാരുടെയും പഞ്ചായത്തിന്റെയും എതിർപ്പ് മൂലം കോൺട്രാക്ടർക്ക് പ്രവൃത്തി ആരംഭിക്കുവാൻ കഴിഞ്ഞിട്ടില്ല. പ്രവൃത്തി നിർവ്വഹണത്തിനുള്ള ഉത്തരവ് 29/03/2020 ൽ നൽകിയിരുന്നുവെങ്കിലും 2022-ലും പ്രവൃത്തി ആരംഭിക്കുവാൻ സാധിച്ചിട്ടില്ല. സാധന സാമഗ്രികളുടെ വിലയിൽ വന്ന വർദ്ധനവും പ്രവൃത്തി അനിശ്ചിതമായി നീണ്ടു പോകുന്നത് കൊണ്ടും കോൺട്രാക്ടർ ഈ പ്രവൃത്തിയിൽ നിന്ന് വിടുതൽ ലഭിക്കാൻ അപേക്ഷിച്ചതിന്റെ അടിസ്ഥാനത്തിൽ വാട്ടർ അതോറിറ്റി ഉത്തര മേഖല ചീഫ് എഞ്ചിനീയറുടെ ഉത്തരവ് പ്രകാരം വിടുതൽ നൽകിയിട്ടുണ്ട്. |
| (ബി) | പ്രാദേശിക പ്രശ്നങ്ങൾ പരിഹരിച്ച് പദ്ധതി പൂർത്തീകരിക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (ബി) | കിണർ നിർമ്മാണത്തിന് പാറ പൊട്ടിക്കുന്നതിനുള്ള ജില്ലാ കലക്ടറുടെ അനുമതി 25.11.2021-ന് ലഭിച്ചു. തുടർന്ന് കിണറിന്റെ നിർമ്മാണം ആരംഭിച്ചപ്പോൾ നാട്ടുകാരുടെ എതിർപ്പ് മൂലം പ്രവൃത്തി 3.1.2022-ന് നിർത്തിവെക്കേണ്ടിവന്നു. അതോടൊപ്പം പഞ്ചായത്ത് നിയന്ത്രണത്തിലുള്ള പുറമ്പോക്ക് അനധികൃതമായി കൈയ്യേറി നിർമ്മാണ പ്രവൃത്തനങ്ങൾ നടത്തുന്നു എന്ന് ആരോപിച്ച് പ്രവൃത്തി നിർത്തി വെക്കാൻ 03.01.2022-ന് ചപ്പാരപ്പടവ് പഞ്ചായത്ത് സെക്രട്ടറി നോട്ടീസ് നൽകി. ഇതേ തുടർന്ന് ജില്ലാ കലക്ടറുടെ അദ്ധ്യക്ഷതയിൽ 11.01.2022-ന് വിളിച്ചു ചേർത്ത യോഗത്തിൽ നിർമ്മാണ പ്രവൃത്തിയുമായി മുന്നോട്ട് പോകുവാനും പ്രതിഷേധം ഉണ്ടാവുകയാണെങ്കിൽ പോലീസ് സഹായം തേടാനും തീരുമാനിച്ചിരുന്നു. കിണർ നിർമ്മാണ പ്രവൃത്തിക്ക് ആവശ്യമായ എല്ലാ സഹായങ്ങളും കേരള വാട്ടർ അതോറിറ്റിക്ക് നൽകുവാൻ ചപ്പാരപ്പടവ് പഞ്ചായത്ത് സെക്രട്ടറിക്ക് നിർദ്ദേശം നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് 13.01.2022-ന് കത്ത് നൽകുകയും ചെയ്തിരുന്നു. പ്രവൃത്തികൾ |

| | | | |
|---|---|---|---|
| | | | തുടരുന്നത് തടയുമെന്ന നിലപാടിൽ പ്രതിഷേധക്കാർ ഉറച്ചു നിൽക്കുന്ന സാഹചര്യത്തിൽ പ്രവൃത്തി മുന്നോട്ട് കൊണ്ടു പോകുന്നതിനു വേണ്ടി ജില്ലാ കലക്ടറുടെ നിർദ്ദേശമനുസരിച്ച് പോലീസ് സംരക്ഷണം നൽകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് തളിപ്പറമ്പ് പോലീസ് ഇൻസ്പെക്ടർക്ക് കത്ത് നൽകുകയും ചെയ്തു. പോലീസ് സംരക്ഷണത്തിൽ പ്രവൃത്തികൾ പുനരാരംഭിക്കാൻ കരാറുകാരനോട് ആവശ്യപ്പെട്ടെങ്കിലും കടുത്ത എതിർപ്പ് ചൂണ്ടികാട്ടി കരാറുകാരൻ പ്രവൃത്തി പുനരാരംഭിക്കാൻ മുന്നോട്ടു വന്നില്ല. കിണർ നിർമ്മാണ പ്രവൃത്തി നാട്ടുകാരും പഞ്ചായത്ത് പ്രതിനിധികളും ചേർന്ന് തടസ്സപ്പെടുത്തുന്നതിനാൽ പ്രവൃത്തി തുടങ്ങുന്നതിനാവശ്യമായ അനുകൂല സാഹചര്യം ഉണ്ടാക്കിത്തരണമെന്ന് ആവശ്യപെട്ടുകൊണ്ട് ചപ്പാരപ്പടവ് പഞ്ചായത്ത് സെക്രട്ടറിക്കും 08.07.2022-ന് കത്ത് നൽകിയിട്ടുണ്ട്. പ്രസ്തുത വിഷയം ജില്ലാ വികസന സമിതി യോഗത്തിൽ ചർച്ച ചെയ്തിട്ടുള്ളതും കുറേക്കാലമായി പരിഹാരമാകാതെ കിടക്കുന്നതിനാൽ പകരം സംവിധാനം പ്രദേശത്ത് നടപ്പിലാക്കാൻ സാധിക്കുമോ എന്നത് സംബന്ധിച്ച് ജലസേചനം, കെ.ഐ.ഐ.ഡി.സി., മണ്ണ് സംരക്ഷണം എന്നീ വകുപ്പുകളുടെ ചേർന്ന് ഒരു യോഗം 22.10.2022 ന് ചേർന്നിരുന്നു. പ്രസ്തുത വിഷയത്തെക്കുറിച്ച് വിശദമായ റിപ്പോർട്ട് സമർപ്പിക്കുന്നതിന് ജില്ലാ വികസന സമിതി യോഗം നിർദ്ദേശിച്ചതനുസരിച്ച് വാട്ടർ അതോറിറ്റി ജില്ലാ കളക്ടർക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. |
| (സി) | തടസ്സങ്ങൾ പരിഹരിച്ച് പ്രസ്തുത പദ്ധതി എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദമാക്കാമോ? | (സി) | മുൻ കരാർ റദ്ദ് ചെയ്ത് DSR 2018 നിരക്കിൽ പുതിയ എസ്റ്റിമേറ്റും മുൻ കരാറുകാരനെ ഒഴിവാക്കിക്കൊണ്ടുള്ള ഉത്തരവും കിഫ്ബിയുടെ അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. കാലതാമസമില്ലാതെ കിഫ്ബിയുടെ ഭരണാനുമതി ലഭിക്കുകയാണെങ്കിൽ 2024 മെയ് 31-ഓടുകൂടി പദ്ധതി പൂർത്തിയാക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ